# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2666 17/10/2016-ൽ മറുപടിക്ക്

## ജില്ലകൾതോറും ഐ.ടി.പാർക്കുകൾ

ചോദ്യം
ശ്രീ.രാജു എബ്രഹാം

മറുപടി
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | ജില്ലകൾതോറും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുമെന്ന കഴിഞ്ഞ സർക്കാരിന്റെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എത്ര ജില്ലകളിൽ ഇതനുസരിച്ച് ഐ.ടി. പാർക്കുകൾ ആരംഭിക്കുകയോ നിർമ്മാണം തുടങ്ങുകയോ ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെ ജില്ലകളിൽ ആണെന്നും വ്യക്തമാക്കുമോ; | (എ) | ജില്ലകൾതോറും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുമെന്ന കഴിഞ്ഞ സർക്കാരിന്റെ പ്രഖ്യാപനമനുസരിച്ച് നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഐ.ടി പാർക്കുകൾ പ്രവർത്തിച്ചു വരുന്നു. ജില്ലകൾ തോറും ഐ.ടി പാർക്കുകൾ സ്ഥാപിക്കേണ്ടതുണ്ടോ എന്ന കാര്യം പരിശോധിച്ച് വരികയാണ്. |
| (ബി) | പത്തനംതിട്ട ജില്ലയിൽ എവിടെയാണ് ഐ.ടി. പാർക്ക് സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നത്; ഇതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | തീരുമാനിച്ചിട്ടില്ല, പ്രസക്തമല്ല. |
| സി) | ഈ പ്രഖ്യാപനം അനുസരിച്ച് ഇതുവരെ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാത്ത ജില്ലകളിൽ ഇവ ആരംഭിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | സി) | ഇക്കാര്യത്തിലുള്ള സമഗ്രമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച കരട് ഐ.ടി നയം ഉടനെ അവതരിപ്പിക്കുകയും എല്ലാ വിഭാഗം ആൾക്കാരുടേയും അഭിപ്രായങ്ങൾ തേടി അവ കൂടി ഏകോപിപ്പിച്ച് ഐ.ടി നയവും തുടർ പദ്ധതികളും ആവിഷ്കരിക്കുകയും ചെയ്യാനാണ് സർക്കാർ നിലവിൽ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ